**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027** **29-08-2022 - ൽ മറുപടിയ്ക്ക്**

**ചാലിയാർ നദീതീര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ കനത്ത മഴയിൽ വാഴക്കാട്, വാഴയൂർ, ചീക്കോട് എന്നീ പഞ്ചായത്തുകളിൽ ചാലിയാർ നദി കരകവിഞ്ഞൊഴുകി തീരം ഇടിഞ്ഞുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | <u>വാഴയൂർ പഞ്ചായത്ത്</u><br><br>ഇക്കഴിഞ്ഞ കനത്ത മഴയിൽ വാഴയൂർ പഞ്ചായത്തിലെ വാഴയൂർ പുഞ്ചപ്പാടം പ്രദേശത്ത് ചാലിയാർ നദി കരകവിഞ്ഞൊഴുകി വാഴയൂർ പുഞ്ചപ്പാടം പ്രദേശത്ത് വർഷകാലത്ത് പുഴയിൽ ജലനിരപ്പ് ഉയരുന്ന സമയത്ത് വെള്ളം കയറാറുണ്ടെന്ന് നാട്ടുകാരിൽ നിന്നും അറിയാൻ സാധിച്ചു. ഈ ഭാഗത്ത് നാശനഷ്ടം ഉള്ളതായി കണ്ടെത്തിയിട്ടില്ല.<br><br><u>ചീക്കോട് പഞ്ചായത്ത്</u><br><br>ചീക്കോട് പഞ്ചായത്തിൽ ചാലിയാർ നദി കരകവിഞ്ഞൊഴുകി തീരം ഇടിഞ്ഞ് നാശനഷ്ടങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br><u>വാഴക്കാട് പഞ്ചായത്ത്</u><br><br>രണ്ട് സ്ഥലങ്ങളിൽ ഇക്കഴിഞ്ഞ കനത്ത മഴയിൽ കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വാഴക്കാട് പഞ്ചായത്തിലെ ആക്കോട് പരിഷീരി കുഴി മുതൽ വിരിപ്പാടം വരെയുള്ള ഭാഗങ്ങളിൽ കരയിടിഞ്ഞ ഭാഗം കെട്ടി സംരക്ഷിക്കുന്നതിന് ഇതിനകം എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വാഴക്കാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആക്കോട് പറശ്ശീരിക്കുഴി ഭാഗത്ത് ചാലിയാർതീരം ഇടിഞ്ഞ് വലിയ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. 2018 ൽ അപേക്ഷ നൽകിയതുപ്രകാരം 200 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി ആവശ്യമായിരുന്നു. പ്രസ്തുത സ്ഥലത്ത് 70 മീറ്റർ നീളത്തിൽ നാച്ചറൽ കലാമിറ്റി ഹെഡിൽ 25.00 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം സംരക്ഷണഭിത്തിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 150 മീറ്റർ നീളത്തിലും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ ഈ പ്രവൃത്തി ചെയ്യാൻ ഏകദേശം 75 ലക്ഷം രൂപ ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശവും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ; | (സി) | വാഴക്കാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആക്കോട് പറശ്ശീരിക്കുഴി ഭാഗത്ത് ചാലിയാർതീരം ഇടിഞ്ഞ് വലിയ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. 2018 ൽ അപേക്ഷ നൽകിയതുപ്രകാരം 200 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി ആവശ്യമായിരുന്നു. പ്രസ്തുത സ്ഥലത്ത് 70 മീറ്റർ നീളത്തിൽ നാച്ചുറൽ കലാമിറ്റി ഹെഡിൽ 25.00 ലക്ഷം രൂപ അനുവദിച്ചത് പ്രകാരം സംരക്ഷണഭിത്തിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 150 മീറ്റർ നീളത്തിലും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ ഈ പ്രവൃത്തി ചെയ്യാൻ ഏകദേശം 75 ലക്ഷം രൂപ ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പഞ്ചായത്തുകളിൽ ചാലിയാർ നദീതീരം കെട്ടി സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത പഞ്ചായത്തുകളിൽ ചാലിയാർ നദീതീരം കെട്ടി സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) | പഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|---|
| 1. | പ്രകൃതി ദുരന്തം -(2020-21) FD മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിലെ പേടേങ്ങൽ കവണക്കല്ല് RCB യുടെ താഴെ ഭാഗത്തായി ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 82.30 | വാഴക്കാട് | 5 മീറ്റർ കൂടുതലായി ഇടിഞ്ഞിട്ടുണ്ട്. PRICE 3 യിൽ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |
| 2 | പ്രകൃതി ദുരന്തം - (2018) FC – മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ൽ ആക്കോട് മുക്കോലക്കൽ ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം | 15.00 | വാഴക്കാട് | നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. PRICE 3 യിൽ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ